# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5905 | 25.05.2017-ൽ മറുപടിക്ക്

## വിനോദസഞ്ചാര കേന്ദ്രങ്ങൾ മാലിന്യമുക്തമായി സൂക്ഷിക്കുന്നതിന് സംവിധാനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജയിംസ് മാത്യു<br>ശ്രീ. ജോർജ്ജ് എം. തോമസ്<br>ശ്രീ. കെ. ബാബു<br>ശ്രീമതി. വീണാ ജോർജ്ജ് | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ മന്ത്രി) |
| എ) വിനോദസഞ്ചാര കേന്ദ്രങ്ങൾ മാലിന്യമുക്തമായി സൂക്ഷിക്കുന്നതിന് നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഉള്ളതെന്ന് വിശദമാക്കാമോ; | എ) യും ബി) യും സംസ്ഥാന വിനോദസഞ്ചാര മേഖലകളിലെ മാലിന്യ നിയന്ത്രണത്തിനും സംസ്കരണത്തിനുമായി കുടുംബശ്രീ, ശുചിത്വമിഷൻ, ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകൾ, തദ്ദേശ സ്വയംഭരണ വകുപ്പ്, എൻ.ജി.ഒ.കൾ, മറ്റ് സന്നദ്ധ സംഘടനകൾ എന്നിവയുമായി ചേർന്ന് പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഈ കേന്ദ്രങ്ങളിലെ ശുചിത്വം ഉറപ്പ വരുത്തുന്നതിന് ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകൾ മുഖാന്തിരം കുടുംബശ്രീയുമായി സഹകരിച്ച് ക്ലീൻ ഡെസ്റ്റിനേഷൻ ക്യാമ്പയിൻ എന്ന പദ്ധതി പ്രകാരം മാലിന്യനീക്കം നടത്തി വരുന്നു. ടൂറിസം സെന്ററുകളിലെ ന്യൂനതകൾ പരിഹരിക്കുന്നതിനും ദ്രുതഗതിയിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുമായി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന ഗ്രീൻ കാർപ്പറ്റ് പദ്ധതിയിൽ പ്രധാന ഘടകമായി മാലിന്യ നിയന്ത്രണവും സംസ്കരണവും ഉൾപ്പെടുത്തിയിട്ടുണ്ട്. കായലോര ജലാശയങ്ങളിലെ ഹൗസ് ബോട്ടുകളിൽ നിന്നുള്ള മാലിന്യങ്ങൾ നിയന്ത്രിക്കുന്നതിനായി |
| ബി) വിനോദസഞ്ചാര കേന്ദ്രങ്ങളിലെ ശുചിത്വമില്ലായ്മയും മാലിന്യ സംസ്കരണ പദ്ധതികളുടെ അഭാവവും മേഖലയെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ ഇത് പരിഹരിയ്ക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | |

സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിച്ചു വരുന്നു. വിവിധ കേന്ദ്രങ്ങളിൽ ശാസ്ത്രീയമായി മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് ഇൻസിനേറ്ററുകൾ, ബയോ ഗ്യാസ് പ്ലാന്റുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്.

| | |
|---|---|
| സി) ഈ മേഖലയിലെ മാലിന്യ സംസ്കരണത്തിന് പൊതുജനങ്ങളുടെയും തദ്ദേശസ്വയംഭരണ സ്ഥാപന ങ്ങളുടെയും പങ്കാളിത്തം ഉറപ്പു വരുത്തുവാൻ നടപടി സ്വീകരിക്കുമോ? | സി) മാലിന്യ സംസ്കരണ പദ്ധതികൾ നടപ്പിലാക്കേണ്ടതും ശുചിത്വ പരിപാലനം ഉറപ്പാക്കേണ്ടതും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്തത്തിലും, ചുമതലയിലുംപെട്ടതാണ്. എന്നിരുന്നാലും സംസ്ഥാ നത്ത് ടൂറിസം ഡെസ്റ്റിനേഷനുകളിലെ മാലിന്യ നിയന്ത്രണം സംബന്ധിച്ചും ഇതിന്റെ സംസ്കരണ ത്തിനുമായി ബന്ധപ്പെട്ട തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ, ഇതര ഏജൻസികൾ എന്നിവരുമായി ചേർന്ന് ടൂറിസം വകുപ്പ് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. വിനോദസഞ്ചാര കേന്ദ്ര ങ്ങളിലെ ശുചിത്വം ഉറപ്പു വരുത്തുന്നതിന് ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ മുഖാന്തിരം കുടുംബശ്രീ യുമായി സഹകരിച്ച് "Clean Destination Campaign" എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. കൂടാതെ കോവളം, മൂന്നാർ, കുമ്പളങ്ങി പഞ്ചായത്ത്, വർക്കല മുനിസിപ്പാലിറ്റികൾ എന്നിവിടങ്ങളിലെ വിനോദ സഞ്ചാരകേന്ദ്രങ്ങളിൽ വിവിധ എൻ.ജി.ഒ.കളുമായി സഹകരിച്ചുകൊണ്ട് മാലിന്യ നിർമ്മാർജ്ജന പദ്ധതി കളും ഏറ്റെടുത്ത് നടത്തി വരുന്നു. കൂടാതെ ഗ്രീൻ കാർപ്പറ്റ് പദ്ധതിയിൽ വിവിധ ഏജൻസികളുമായി ചേർന്ന് മാലിന്യ നിയന്ത്രണത്തിന് പ്രത്യേക പ്രാധാന്യം നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ